# الابتهاج

# بمميزات ومحاسن

# دار الحديث السّلفية

# بدَمّاج

(മലയാള വിവർത്തനം ഭാഗം 4/20)

## നാല്) ദാറുൽ ഹദീഥിലെ അദ്ധ്യാപകരുടെ വജ്ഞാനികശേഷി

ദാറുൽ ഹദീഥിന്റെ മറ്റൊരു വിശേഷഗുണമാണ് അവിടത്തെ അധ്യാപകരുടെ വൈജ്ഞാനികമായ ഖുവ്വത്ത്. അവരിൽ ഏറ്റവും മുമ്പിലുള്ളത് നമ്മുടെയും നമ്മുടെ മഷായിഖിന്റെയും ശൈഖ് മുഖ്ബിൽ റഹിമഹുല്ലാഹ്. അദ്ദേഹം, മദീനയിലെ ജാമിഅ അൽ ഇസ്‌ലാമിയ്യയുടെ തുടക്കത്തിൽ, അവിടെ ഹിസ്ബികളില്ലാത്ത, കിബാറുൽ ഉലമാ അതിനു നേതൃത്വം നൽകിയ കാലത്ത് അവിടെ പഠിച്ച ഒരു വിദ്യാർത്ഥിയാണ്.

*‘‘മക്കയിലെ സ്ഥാപനത്തിൽ ഇന്റർമീഡിയറ്റും സെക്ക□ റിയും പഠിച്ചു, അവിടെ എല്ലാ വിഷയങ്ങളും ദീനീ വിഷയങ്ങളായിരുന്നു. അതിനു ശേഷം ഞാൻ മദീനയിലേക്ക് പോയി. ഞങ്ങളിൽ അധിക പേരും കുല്ലിയ്യത്തു ദഅ്‌വ വ ഉസൂലുദ്ദീനിലാണ് പ്രവേശിച്ചത്. അവിടെ മുഹമ്മദ് അൽ ഹകീം അൽ മിസ്‌രീ, മുഹമ്മദ് അബ്ദുൽ വഹ്ഹാബ് ഫാഇദ് എന്നിവരായിരുന്നു അവിടെ ഞങ്ങളുടെ അധ്യാപകരിൽ പ്രമുഖർ. അവധിക്കാലമായപ്പോൾ സമയം പാഴാക്കാതിരിക്കാൻ ഞാൻ കുല്ലിയ്യത്തുശ്ശരീഅയിൽ ചേർന്നു, ര□ ു കാരണത്താൽ, ഒന്ന്)കൂടുതൽ ഇൽമ് പഠിക്കാൻ,*

*ര□ ്) ര□ ിടത്തെയും പാഠങ്ങൾ ഏകദേശം തുല്യമാണ്, ശരീഅ കോളേജിൽ പഠിക്കുന്നത്, ദഅ്‌വാ കോളേജിലെ പാഠങ്ങളുടെ ഒരു റിവിഷൻ ആയിരുന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ദഅ്‌വ, ശരീഅ കോളേജുകളിൽ നിന്നു പാസായി. സർടിഫിക്കറ്റുകളും കിട്ടി. ഞാൻ സർട്ടിഫിക്കറ്റുകൾക്കു ഒരു വിലയും കല്പിക്കുന്നില്ല. ഇൽമാണു എനിക്കു പ്രധാനം. കോളേജിൽ നിന്ന് ഞങ്ങൾ പാസായ വർഷമാണ് പീജീ എന്നു വിളിക്കുന്ന ഉപരിപഠന വിഭാഗം കോളേജിൽ ആരംഭിക്കുന്നത്. അങ്ങനെ ഞാൻ അഭിമുഖ പരീക്ഷയിൽ പങ്കെടുക്കുകയും അതിൽ വിജയിച്ചതിനെത്തുടർന്ന് ഹദീഥ് വിഭാഗത്തിൽ ചേരുകയും ചെയ്തു. അൽഹംദു ലില്ലാഹ്, ഞാൻ ആഗ്രഹിച്ച ഗുണം അവിടെ എനിക്കു ലഭിച്ചു. മുഹമ്മദ് അൽ അമീൻ അൽ മിസ്‌രീ, അസ്സയ്യിദ് മുഹമ്മദ് അൽ ഹകീം അൽ മിസ്‌രീ, ഹമ്മാദ് ബിൻ മുഹമ്മദ് അൽ അൻസാരീ, എന്നിവരായിരുന്നു അവിടെ ഞങ്ങളുടെ അധ്യാപകരിൽ പ്രമുഖർ. ഇടക്കൊക്കെ, മദീനാ ഹറമിൽ ശൈഖ് അബ്ദുൽ അസീസിബ്നു ബാസിന്റെ സ്വഹീഹ് മുസ്‌ലിമിന്റെ ദർസുകളിൽ ഞാൻ പങ്കെടുക്കുമായിരുന്നു. മുഹമ്മദ് നാസിറുദ്ദീൻ അൽ അൽബാനി റഹിമഹുല്ലാഹ് വിദ്യാർത്ഥികൾകായി നടത്താറുള്ള സദസ്സുകളിലും ഞാൻ പങ്കെടുക്കുമായിരുന്നു.’’*

ശൈഖ് മുഖ്ബിലിനെപ്പോലെ തന്നെയാണ് അദ്ദേഹത്തിന്റെ പിൻഗാമിയായ ശൈഖ് യഹ്‌യാ ഹഫിദഹുല്ലായും അദ്ദേഹത്തിന്റെ വൈജ്ഞാനിക ശേഷിയെയും ഫത്‌വക്കുള്ള യോഗ്യതയെയും സംബന്ധിച്ച് നേരത്തെ പരാമർശിച്ചതാണല്ലോ. അതിനു ശൈഖ് മുഖ്ബിലിന്റെ അംഗീകാരവുള്ളതാണ്. അതു പോലെതന്നെയാണ് ദാറുൽ ഹദീഥിലെ മിക്ക അധ്യാപകരും. തങ്ങളുടെ സഹോദരങ്ങൾക്ക് ഉപകാരം നൽകാൻ മാത്രം യോഗ്യതയായി എന്ന് ബോധ്യമായതിനു ശേഷം മാത്രമേ പഠിപ്പിക്കാൻ ഒരുങ്ങുകയുള്ളൂ.

ഇമാം അൽ വാദിഈ റഹിമഹുല്ലാഹ് അദ്ദേഹത്തിന്റെ ആത്മകഥയിൽ (പേജ് 25) പറഞ്ഞു,

*‘‘അല്ലാഹുവിന്റെ മാർഗത്തിലുള്ള എന്റെ സഹോദരങ്ങളാവട്ടെ, അവർ തങ്ങളുടെ സഹോദരങ്ങൾക്ക് വേ□ ി എല്ലാ മേഖലകളിലും ഉപകാരപ്രദമായ ദർസുകൾ എടുക്കുന്നു. വിദ്യാർത്ഥികളുടെ നിലവാരമനുസരിച്ച് തൗഹീദ്, അഖീദ്, ഫിഖ്ഹ്, ഉസൂലുൽ ഫിഖ്ഹ്, ഹദീഥ്, ഉസൂലുൽ ഹദീഥ്, ഫറാഇദ്, നഹ്വ്, ഖത്ത്, ഇംലാഅ് തുടങ്ങീ ദീനീ വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ വിഷയങ്ങളിലും അവർ ക്ലാസുകളെടുക്കുന്നു. പള്ളിയും താമസസ്ഥലങ്ങളും നിറഞ്ഞു കഴിഞ്ഞാൽ അവർ താഴ്വരയിലേക്കിറങ്ങി മരത്തണലിലിരുന്ന് ക്ലാസ്സെടുക്കും. നല്ല ഇൽമും നല്ല കാറ്റും! ഇതെല്ലാം അല്ലാഹുവിന്റെ ഔദാര്യമാകുന്നു.’’*